കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

www.lfa.kerala.gov.in

# മേലാർക്കോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി18/397/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്, തീയതി: -26.04.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മേലാർക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മേലാർക്കോട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലാർക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി18/397/2019 തിയ്യതി: 26.04.2019

## പാലക്കാട് ജില്ലയിലെ മേലാർക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ മേലാർക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19-06-2017 മുതൽ 25-1-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 28-01-2019 മുതൽ 07-02-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സുമേഷ്.എൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. രമാദേവി.കെ.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.രഞ്ജിത്ത് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മായൻ | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | വി.ജയപ്രകാശൻ | 1-4-2017 മുതൽ 31-3-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.മോഹനരാജൻ.ആർ | 1-4-2017 മുതൽ<br>31-3-2018വരെ |
| വി.ഇ.ഒ<br>(സർക്കിൾ I) | ശ്രീ.സുരേഷ്.ജി | 01.04.2017 മുതൽ<br>29-06-2017 വരെ |
| | ശ്രീമതി. കവിത | 30-06-2017 മുതൽ<br>04-07-2017 വരെ |
| | ശ്രീ. കെ.ഗിരിധരൻ | 05-07-2017 മുതൽ<br>31-3-2018 വരെ |
| വി.ഇ.ഒ<br>(സർക്കിൾ II) | ശ്രീമതി. കവിത | 01.04.2017 മുതൽ<br>07-05-2017 വരെ |
| | ശ്രീ. ഫാജിഷ് വഹാബ് | 08-05-2017 മുതൽ<br>03-07-2017 വരെ |
| | ശ്രീമതി. കവിത | 04-07-2017 മുതൽ<br>31-3-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. താജുമ്മ | 1-4-2017 മുതൽ<br>31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.അജിത്.യു | 1-4-2017 മുതൽ<br>09.04.2017 വരെ |
| | ശ്രീമതി. സ്വപ്ന.എ | 10.04-2017 മുതൽ<br>28-05-2017വരെ |
| | ശ്രീ. രാജീവ് .കെ.എസ് | 29-05-2017 മുതൽ<br>04-10-2017 വരെ |
| | ശ്രീമതി. ജിസ്റ്റ് എ.കെ<br>Assist.exe.Engineer Nenmara Block (i/c) | 05-10-2017 മുതൽ<br>22-10-2017 വരെ |
| | ശ്രീമതി. ഉമ.ടി.എൻ | 23-10-2017 മുതൽ<br>31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ശ്രീമതി. വിജില.കെ | 01-4-2017 മുതൽ<br>31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ശ്രീമതി.അരുണ.എൻ | 1-4-2017 മുതൽ<br>31-3-2018 വരെ |
| വെറ്ററിനറി സർജ്ജൻ | ശ്രീ.രമേഷ് കുമാർ.കെ.ജെ | 1-4-2017 മുതൽ<br>31.03.2018 വരെ |

| | | |
|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുരേഷ് കുമാർ .എ | 1-4-2017 മുതൽ 31-3-2018 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.നാൻസി.സി.പി | 1-4-2017 മുതൽ 31-3-2018 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-4 |
| 5 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | രസീതി പിരിവ്, ഒടുക്ക് | 2-1 |
| 2 | തൊഴിൽനികുതി | 2-2 |
| 3 | ഡി & ഒ ലൈസൻസ് | 2-3 |
| 4 | വസ്തുനികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 2-4 |

| | | |
|---|---|---|
| 5 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-5 |
| 6 | വാടകക്കാരുമായി കരാർ ചമച്ചില്ല-സർക്കാരിന്റെ നഷ്ടം നികത്തേണ്ടതാണ് | 2-6 |
| 7 | പെർമിറ്റ് നടപടി ക്രമങ്ങൾ വിലയിരുത്തൽ | 2-7 |
| 8 | ഇ-ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് കൈമാറിയിട്ടില്ല | 2-8 |
| 9 | ബിറ്റുമെൻ ബാരൽ വില ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കണം | 2-9 |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സാക്ഷരതാ പ്രവർത്തനം-ഏഴാംതരം തുല്യത പദ്ധതി ഗ്രാമപഞ്ചായത്ത് പ്രേരക്മാരുടെ സേവനം ഉപയോഗപ്പെടുത്തിയില്ല-തനത് ഫണ്ട് നഷ്ടം-8000/ രൂപ. | 3-1 |
| 2 | സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തീകരിക്കാതെ തുടരുന്നത് സംബന്ധിച്ച് | 3-2 |
| 3 | ജലലഭ്യതാ ടെസ്റ്റ് നടത്തി മോട്ടോർ സ്ഥാപിക്കേണ്ടത് സംബന്ധിച്ച് | 3-3 |
| 4 | കുടിവെള്ള പദ്ധതികളുടെ പരിപാലനം, പൊതുടാപ്പുകളുടെ വെള്ളക്കരം എന്നിവ പഞ്ചായത്തിന് ബാധ്യത സൃഷ്ടിക്കുന്നു | 3-4 |
| 5 | എച്ച് .ഐ.വി. ബാധിതർക്ക് പോഷകാഹാര വിതരണം പദ്ധതി മാർഗനിർദേശങ്ങൾക്ക് വിരുദ്ധം | 3-5 |
| 6 | എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ-വാങ്ങൽ-പദ്ധതിനടത്തിപ്പിലെ അപാകങ്ങളും നഷ്ടതുക ഈടാക്കേണ്ടതും സംബന്ധിച്ച്. | 3-6 |
| 7 | ക്ലബ്ബുകൾക്കും സ്കൂളുകൾക്കും പ്ലാൻ ഫണ്ട് ഉപയോഗിച്ച് പത്രം വാങ്ങി നൽകൽ-പദ്ധതി മാർഗ്ഗരേഖ/സബ്സിഡി മാർഗ്ഗരേഖാ ലംഘനം. | 3-7 |
| 8 | തുക വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-8 |
| 9 | നെൽവിത്ത് വിതരണം പദ്ധതി -മാർഗനിർദേശങ്ങൾ പാലിക്കേണ്ടതാണ്. | 3-9 |
| 10 | വി.ഇ.ഓ-യുടെ അക്കൗണ്ട് ക്ളോസ് ചെയ്യേണ്ടതാണ്. | 3-10 |
| 11 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്. | 3-11 |

| | | |
|---|---|---|
| 12 | കേരളോത്സവം നടത്തിപ്പിനായി ജില്ലാ യുവജന ബോർഡ് കാര്യാലയം പാലക്കാട് നിന്ന് ലഭിച്ച തുക ചെലവഴിച്ചിട്ടില്ല. | 3-12 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |

# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷം ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയ്യതി/തീരുമാനം | സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം |
|---|---|---|
| 2017-18 | 15-03-2017 തിയതിയിലെ 1-ാം നമ്പർ തീരുമാനം | ഇല്ല |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-7-2018 | 02-06-2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.06.2018 മുതൽ 27.06.2018 വരെ | നം.കെ.എസ്.എ-പികെഡി.21/1904(35)/2018 തിയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2017-18 | 11266498 | 65044153 | 76310651 | 73968894 | 2341757 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | അലോട്ട് മെന്റ്/ വരവ് | ആകെ | ചെലവ് | സി.ബി (ലാപ്സായ തുക) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15476000 | 15476000 | 12129840** | 3346160 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8826607 | 8826607 | 8051809 | 774798 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 11457000 | 11457000 | 11441409 | 15591 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3378000 | 3378000 | 1856405** | 1521595 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7268166 | 7268166 | 7235615 | 32551 |
| കെ.എൽ.ജി. എസ്.ഡി.പി (ACR പ്രകാരം)- സംസ്ഥാനം | | 0 | 964614 | 964614 | 958071 | 6543 |
| കെ.എൽ.ജി.എസ്. ഡി.പി (ACR പ്രകാരം)- കേന്ദ്രം | | 0 | 185108 | 185108 | 174669 | 10439 |
| എം.ജി.എൻ. ആർ.ഇ..ജി.എസ് | തൊഴി ലാളി കളുടെ കൂലി | 0 | 11695779 | 11695779 | 11695779 | 0 |
| | അഡ്മി നിസ്ട്രേ റ്റീവ് ചെലവ് | 67174 | 933496 | 1000670 | 931894 | 68776 |
| എസ്.എസ്.എ | | 0 | 0 | 0 | 0 | 0 |
| ശുചിത്വ മിഷൻ | | 0 | 623256 | 623256 | 110256 | 513000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 700000 | 1588333 | 2288333 | 2168251 | 120082** |
| | ജില്ലാ പഞ്ചായത്ത് | 0 | 2080000 | 2080000 | 2080000 | 0 |
| ബി ഫണ്ട് - തൊഴിലില്ലായ്മ വേതനം | | 0 | 58820 | 58820 | 58820 | 0 |
| വിവാഹ ധനസഹായം | | 0 | 300000 | 300000 | 300000 | 0 |
| കൃഷി (ഉൽപാദന ബോണസ്) | | 0 | 762000 | 762000 | 762000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി ടി.എസ്.ബി) | | 0 | 8926000 | 8926000 | 8926000 | 0 |
| തനത് ഫണ്ട് | ട്രഷറി അക്കൗണ്ട് | 5410215 | 12131846 | 17542061 | 18310410 | -768349*** |
| | ബാങ്ക് അക്കൗണ്ട് | 4782434 | 7906525 | 12688959 | 10730226 | 1958733 |
| ഐ.സി.ഡി.എസ്. | | 1421206 | 914607 | 2335813 | 497096 | 1838717 |
| ദുരിതാശ്വാസനിധി | ഇല്ല | | | | | |

**വാർഷിക കണക്ക പ്രകാരം മാർച്ച് മാസത്തിൽ ട്രഷറി അക്കൗണ്ടിൽ ഉണ്ടായിരുന്ന നീക്കിയിരിപ്പിൽ നിന്നും 95833/-രൂപ 29.3.2018ന് സർക്കാർ നേരിട്ട് പിൻവലിക്കുകയുണ്ടായി. ആയത് 07-04-2018 ന് തിരികെ ലഭിച്ചിട്ടുള്ളതാണ്.

***വാർഷിക കണക്ക പ്രകാരം 31-03-2018 ന് നീക്കിയിരിപ്പ് (-)768349രൂപയാണ്. മാർച്ച് മാസത്തിൽ ട്രഷറി അക്കൗണ്ടിൽ ഉണ്ടായിരുന്ന തുകയിൽ നിന്ന് 7587832രൂപ സർക്കാർ

29-03-2018 തിയതിക്ക് നേരിട്ട് പിൻവലിച്ചതാണ്. കൂടാതെ 3790/- രൂപ 28-03-2018 ന് ഈ അക്കൗണ്ടിൽ നിന്നും ബാങ്ക് തെറ്റായി കുറവുചെയ്തിരുന്നു. ടി തുക 2018 ഏപ്രിൽ മാസത്തിൽ തിരികെ നൽകിയിട്ടുണ്ട്. 31-03-2018 ൽ ആകെ 772139/-രൂപ പണമാക്കാത്ത ചെക്കുകൾ ഉണ്ട് (പണമാക്കാത്ത ചെക്കുകൾ-wrong debit=768349)

*** പ്ലാൻ ജനറൽ, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) എന്നീ ഇനങ്ങളിൽ ACR പ്രകാരമുള്ള യഥാർത്ഥ ചെലവാണ് സ്വീകരിച്ചിട്ടുള്ളത്. വാർഷിക റിപ്പോർട്ടിലും ഇതേ തുകയാണ് ചെലവ് കാണിച്ചിട്ടുള്ളത്. AFSൽ ഈ ഇനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവു തുക തെറ്റായാണ് ചേർത്തിട്ടുള്ളത്. വിശദ വിവരം ഖണ്ഡിക 1-12ൽ ചേർത്തിട്ടുണ്ട്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 258 | 75217910 | 173 | 47205403 | 85 | 67 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 67% മാത്രമാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 63% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 7418600 | 7161800 | 97 |
| വി.ഇ.ഒ cir I | 6 | 4 | 1916067 | 889867 | 46 |
| വി.ഇ.ഒ cir II | 3 | 0 | 3036000 | 0 | 0 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8 | 4910710 | 4215618 | 86 |
| സെക്രട്ടറി | 45 | 33 | 7834223 | 5557142 | 71 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 167 | 104 | 41728310 | 22972012 | 55 |
| മെഡിക്കൽ ഓഫീസർ-PHC | 3 | 3 | 1035000 | 892952 | 86 |
| മെഡിക്കൽ ഓഫീസർ- | 1 | 1 | 400000 | 400000 | 100 |

| | | | | | |
|---|---|---|---|---|---|
| ആയുർവേദം | | | | | |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 900000 | 260000 | 29 |
| ഡയറി ഫാം ഇൻസ്ട്രക്ടർ* | 1 | 1 | 685000 | 685000 | 100 |
| അസി.സെക്രട്ടറി | 15 | 12 | 5254000 | 4071012 | 77 |
| ആകെ | 258 | 173 | 75217910 | 47205403 | 63 |

* 80000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചത് ഐ.കെ.എം ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11695779 | 11695779 | 11695779 | 0 |
| ഭരണചെലവ് | 67174 | 933496 | 1000670 | 931894 | 68776 |

## 1-8 ക്ഷേമ പദ്ധതികൾ

ഓഡിററ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 102 | 58820 |
| വിധവാ പെൻഷൻ | 1184 | 12766700 |
| വാർദ്ധക്യകാല പെൻഷൻ | 1813 | 18518200 |
| കർഷക തൊഴിലാളി പെൻഷൻ | 998 | 10585200 |
| വികലാംഗ പെൻഷൻ | 329 | 3378700 |
| അവിവാഹിത പെൻഷൻ | 78 | 610400 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30-1-2019 ന് 3.00 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2288 രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ - സംയുക്ത പദ്ധതികൾക്കായി ലഭിക്കുന്ന ഫണ്ടുകൾക്ക് പ്രത്യേക അപ്രോപ്രിയേഷൻ സൂക്ഷിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ: സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിൽ ചേർക്കുന്നുണ്ടെങ്കിലും വിതരണ വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് ബാലൻസ് പരിശോധിച്ച് ബോദ്ധ്യപ്പെടാവുന്ന രീതിയിലല്ല രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്.

അസാധാരണ ചെലവുകൾ: പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള അസാധാരണ ചെലവുകൾ 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരമല്ല നടത്തുന്നത്. കൂടാതെ ചട്ടം 5 അനുസരിച്ചുള്ള അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം: ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതായുണ്ട്.

ISO സർട്ടിഫിക്കേഷൻ : ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനായി പഞ്ചായത്തിനെ ISO നിലവാരത്തിലേക്ക് ഉയർത്താൻ 2016-17 വർഷത്തിൽ പദ്ധതി രൂപീകരിച്ചെങ്കിലും ഫയൽ തരംതിരിച്ച് ക്രമീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കേണ്ടതായുണ്ട്.

കുടിവെള്ള പദ്ധതികളുടെ പരിപാലനം

പഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് പൂർണ്ണമായും ഗുണഭോക്തൃസമിതികളെ ഏല്പിച്ചിട്ടില്ല. നിലവിൽ 7 കുടിവെള്ള പദ്ധതികൾ കൈമാറാൻ അവശേഷിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-10-2018 | 10/2018 | 28.11.18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.12.18 മുതൽ 18.12.18 | 2013-14 മുതൽ 2017-18 വരെ | 21.1.2019 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. വികസന ഫണ്ട് (പൊതുവിഭാഗം) ACR പ്രകാരം യഥാർത്ഥ ചെലവ് 12129840 രൂപയാണ്. എന്നാൽ AFS പ്രകാരം വരവ് 11638710 രൂപയാണ്. ഇവ തമ്മിൽ 491130 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.
2. മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ACR പ്രകാരം ചെലവ് 1856405 രൂപയാണ്. എന്നാൽ AFS പ്രകാരം വരവ് 2015225 രൂപയാണ്. 158820 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് തയ്യാറാക്കൽ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പു പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214 ഉപവകുപ്പ് 1(എ)(1) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തതായി കാണുന്നില്ല. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജനുവരി 22-നു മുമ്പ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ചു ചേർത്തിട്ടില്ല. ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതായി കാണുന്നില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ കരട് ബജറ്റ് 14.03.2017 ലെ 1-ാം നമ്പർ തീരുമാനമായി ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ആയത് ചർച്ച ചെയ്യുന്നതിനായി 15.03.2017 തിയ്യതിയിൽ പ്രസിഡന്റ് പ്രത്യേക യോഗം വിളിക്കുകയും പ്രസ്തുത യോഗത്തിൽ ബജറ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മാർച്ച് ഏഴിന് മുമ്പ് യോഗം വിളിക്കണമെന്ന സമയക്രമം പാലിച്ചിട്ടില്ല.

കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ (സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പൂർണ്ണമായും പാലിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/05.02.2019 ന് മറുപടിയായി പ്രായോഗിക പരിശീലനം ലഭികാത്തതാണ് നടപടിക്രമങ്ങൾ പാലിക്കാതിരിക്കാൻ കാരണമെന്നും തുടർ വർഷങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

നടപടിക്രമങ്ങൾ പാലിക്കാത്തത് യഥാർത്ഥത്തിൽ ആവശ്യമായ തുക വാർഷിക ബജറ്റിൽ വകയിരുത്താതെ പോകുന്നതിന് ഇടയാക്കുമെന്ന കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിക്കൽ, ക്രമവൽകരണം എന്നിവ ചട്ടങ്ങൾ പാലിച്ച് നടത്തേണ്ടതാണ്

മേലാർകോട് ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം സങ്കേതം സോഫ്റ്റ്‌വെയർ മുഖേനയും മാന്വലായും ആകെ 124 കെട്ടിട നിർമ്മാണ പെർമിറ്റുകളാണ് അനുവദിച്ചിട്ടുള്ളത്. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, പെർമിറ്റ് ഫയലുകൾ, ക്രമവൽകരണം സംബന്ധിക്കുന്ന രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. രജിസ്റ്ററുകൾ പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല

(എ). കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിലെ എല്ലാ കോളങ്ങളിലും യഥാക്രമം രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. അപേക്ഷ നിരസിച്ചവയുടെ കോളങ്ങളിൽ നിരസിക്കാനുള്ള കാരണം രേഖപ്പെടുത്തിയിട്ടില്ല.

(ബി). കെട്ടിടങ്ങളുടെ ക്രമവൽകരണം സംബന്ധിക്കുന്ന രജിസ്റ്റർ

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ലെ ചട്ടം 137(3) പ്രകാരം കെട്ടിടങ്ങളുടെ ക്രമവൽകരണം സംബന്ധിച്ച നിബന്ധനകൾ, രാജിയാക്കൽ ഫീസ് എന്നിവ ഉൾപ്പെടെ പൂർണ്ണമായ വിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്റ്റർ 'അനുബന്ധം-ജെ' മാതൃകയിൽ സൂക്ഷിക്കേണ്ടതാകുന്നു. നിലവിൽ നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ക്രമവൽകരിച്ച കെട്ടിടത്തിന്റെ ഉൾപ്പെടെ അടിസ്ഥാനമായ വിവരങ്ങൾ പോലും രേഖപ്പെടുത്തിയിട്ടില്ല.

2. പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ഫ്ലോർ ഏരിയക്ക് പകരം പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയിരിക്കുന്നു

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 11(3) പ്രകാരമുള്ള ഷെഡ്യൂൾ II ൽ പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ ഫ്ലോർ ഏരിയയുടെ അടിസ്ഥാനമാക്കിയാണ് നിശ്ചയിച്ചിട്ടുള്ളത് (per sqare metre of floor area). കൂടാതെ കാർഷെഡ്, ടൊയ്‌ലറ്റ്, വാച്ച് & വാർഡ് കാബിൻ മുതലായവയും ഫ്ലോർ ഏരിയയോടൊപ്പം പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ചേർക്കേണ്ടതാണ്. ചട്ടം 8 -ൽ തറവിസ്തീർണ്ണം (Floor Area) കണക്കാക്കേണ്ട വിധം നിർവചിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം സങ്കേതം സോഫ്റ്റ്‌വെയർ മുഖേനയും മാനുവലായും അനുവദിച്ച മുഴുവൻ കെട്ടിട നിർമ്മാണ പെർമിറ്റുകൾക്കും പെർമിറ്റ് ഫീസ് നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ളത് പ്ലിന്ത് ഏരിയയാണ്.

3. നിയമാനുസൃതമല്ലാത്ത രാജിയാക്കൽ ഫീസ് ഇടാക്കിയിരിക്കുന്നു

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 136(4) പ്രകാരം പെർമിറ്റില്ലാത്ത നിർമ്മാണങ്ങളും അതിന്റെ വ്യതിയാനങ്ങളും ക്രമവൽക്കരിക്കുന്നതിനുള്ള രാജിയാക്കൽ ഫീസ് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കുന്നതാണ്. കാറ്റഗറി 2 വില്ലേജ് പഞ്ചായത്തുകളിൽ എ1 ഒക്യുപ്പൻസി കെട്ടിടങ്ങൾക്ക് 3 രൂപയും മറ്റുള്ളവയ്ക്ക് 5 രൂപയുമാണ് നിർണ്ണയിക്കപ്പെട്ടിട്ടുള്ള പെർമിറ്റ് ഫീസ്. എന്നാൽ താഴെ പറയുന്ന 1,2 ക്രമ നമ്പരുകളിൽ നിയമാനുസൃതമല്ലാതെ രാജിയാക്കൽ ഫീസ് ഈടാക്കുകയും ക്രമ നം 3 ൽ ഫീസ് ഈടാക്കാതിരിക്കുകയും ചെയ്തിരിക്കുന്നു.

| ക്രമ നം. | കെട്ടിട നം. | പേരും വിലാസവും | കെട്ടിടത്തിന്റെ തരം | ക്രമവൽകരിച്ച വിസ്തീർണ്ണം | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് |
|---|---|---|---|---|---|---|
| 1 | 13/252 A | അബ്ദുൾ അസീസ് S/O മുഹമ്മദ് കുട്ടി, പള്ളത്തൊടി ഹൗസ്, ഒലിപ്പാറ | വാണിജ്യം | 99.21 | 992 | 1489 |
| 2 | 16/45 A, B | സുന്ദരൻ, പള്ളിക്കാട്, ചിറ്റിലഞ്ചേരി | വാണിജ്യം | 32.03 | 320 | 570 |
| 3 | 2/110 A | മാധവൻ S/o കോച്ചൻ, ചോറംകുളം, ചിറ്റിലഞ്ചേരി | എ1 പാർപ്പിടം | 133.61 | 802 | 0 |

4. സമയബന്ധിതമായി അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നില്ല

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 14,15,16 എന്നിവ പ്രകാരം (31.10.2017 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾക്ക് അനുസൃതം) കെട്ടിട നിർമ്മാണ പെർമിറ്റിനായുള്ള അപേക്ഷയിന്മേൽ 15 ദിവസത്തിനകം തീർപ്പുകൽപ്പിക്കാത്ത പക്ഷം പെർമിറ്റ് ലഭിച്ചതായി കണക്കാക്കി, ചട്ടങ്ങൾക്ക് വിധേയമായി അപേക്ഷകന് നിർമ്മാണം തുടങ്ങാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പെർമിറ്റുകൾ അനുവദിച്ചിട്ടുള്ളത് സമയക്രമം പാലിക്കാതെയാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെർമിറ്റ് നം | ഫയൽ നം/ അപേക്ഷിച്ച തിയ്യതി | പെർമിറ്റ് തിയ്യതി |
|---|---|---|---|
| 1 | A3/BP/1510 /17-18 | A3-1510/18 Dt 03.03.18 | 10.04.18 |
| 2 | A3/BP/1116 /17-18 | A3-1116/18 Dt 17.02.18 | 13.03.18 |
| 3 | A3-BA(73290)/17 | A3-4884/17 Dt 20.09.17 | 29.11.17 |

5. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന പ്ലാനിലെ രേഖപ്പെടുത്തലുകൾ പരിശോധിക്കുന്നില്ല

കെട്ടിട നിർമ്മാണ പെർമിറ്റിനായുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന പ്ലാനിൽ ആവശ്യമായ എല്ലാ അളവുകളും രേഖപ്പെടുത്തുന്നില്ലെന്ന് കാണുന്നു.

| ക്രമ നം | ഫയൽ നം./ പെർമിറ്റ് നം | റിമാർക്സ് |
|---|---|---|
| 1 | A3/BP/3195/17 Dt 13.06.17 | പ്ലാനിൽ FAR, കവറേജ്, ഫ്ലോർ ഏരിയ, കാർപ്പറ്റ് ഏരിയ എന്നിവ രേഖപ്പെടുത്തിയിട്ടില്ല |
| 2 | A3/3468/17 Dt 12.06.17 | ക്രമവൽകരണം- പ്ലാനിൽ FAR, കവറേജ്, എന്നിവ രേഖപ്പെടുത്തിയിട്ടില്ല |
| 3 | A3/BA/(73290)/17 Dt 29.11.17 | പ്ലാനിൽ FAR, കവറേജ്, എന്നിവ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 04/02.02.2019 -ന് രജിസ്റ്ററുകൾ പൂർണ്ണമാക്കി സൂക്ഷിക്കുന്നതാണെന്നും പെർമിറ്റ് ഫീസ്, ക്രമവൽകരണത്തിനുള്ള രാജിയാക്കൽ ഫീസ് എന്നിവ ചട്ടപ്രകാരം മാത്രം ഈടാക്കുന്നതാണെന്നും സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ട് വൈകുന്നതും അപേക്ഷകർ ഫീസ് അടക്കാൻ വൈകുന്നതുമാണ് സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാതിരിക്കാൻ കാരണാമായതെന്നും പ്ലാനുകൾ തുടർന്ന് പരിശോധിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പെർമിറ്റ് രജിസ്റ്റർ, കെട്ടിടങ്ങളുടെ ക്രമവൽക്കരണം സംബന്ധിക്കുന്ന രജിസ്റ്റർ എന്നിവ പൂർണ്ണമാക്കി സൂക്ഷിക്കേണ്ടതാണ്.
2. 2011 -ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും തുടർ ഭേദഗതികൾക്കും അനുസൃതമായി പെർമിറ്റ് ഫീസ്, ക്രമവൽക്കരണ ഫീസ് എന്നിവ ഈടാക്കേണ്ടതാണ്.
3. കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകളിന്മേൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
4. പ്ലാനുകളിൽ ആവശ്യമായ അളവുകൾ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-3 വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വസ്തുനികുതി നിർണ്ണയം, വസ്തുനികുതി പിരിവ് എന്നിവയിലെ കാര്യക്ഷമത, സഞ്ചയ സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം എന്നിവ പരിശോധിക്കാൻ ലക്ഷ്യമിട്ട് വിവിധ ഫയലുകളും രജിസ്റ്ററുകളും സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളും പരിശോധിച്ചതിൻ പ്രകാരമുള്ള പ്രധാന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. സാംഖ്യ – സഞ്ചയ സോഫ്റ്റ്‌വെയറുകളിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

2017-18 വർഷം പുതിയതായി വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിലും രജിസ്റ്ററിലും വ്യത്യാസപ്പെട്ടിരിക്കുന്നു. രജിസ്റ്റർ പ്രകാരം 240 കെട്ടിടങ്ങൾക്കാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ സഞ്ചയ ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരം 28 കെട്ടിടങ്ങളാണുള്ളത്. കൂടാതെ സഞ്ചയ, സാംഖ്യ എന്നീ സോഫ്റ്റ്‌വെയറുകളിലെ ഡിമാന്റ്, അരിയർ ഡിമാന്റ് എന്നീ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

2. രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

അനധികൃത നിർമ്മാണങ്ങളെ സംബന്ധിക്കുന്ന രജിസ്റ്റർ, നികുതി ഒഴിവാക്കൽ, വേക്കൻസി റെമിഷൻ എന്നിവയെ സംബന്ധിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. മാന്വലായോ സോഫ്റ്റ്‌വെയറിലോ കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്ത സ്ഥിതിയാണുള്ളത്.

3. കെട്ടിടങ്ങൾക്ക് പുതുതായി നമ്പർ അനുവദിക്കുന്നത് തുടർച്ചയായ സംഖ്യ ക്രമത്തിലല്ല

പുതിയതായി നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സബ്ബ് നമ്പർ (ഉദാ. 235 എ, 45 ബി, 74 ഇ) ആയാണ് നമ്പർ അനുവദിച്ചിട്ടുള്ളത്. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് തുടർച്ചയായ നമ്പരുകളാണ് (ഉദാ. 252, 565, 121) അനുവദിക്കേണ്ടത് എന്ന നിർദ്ദേശം നിലനിൽക്കെ സബ്ബ് നമ്പരുകളാണ് അനുവദിച്ചുവരുന്നത്.

4. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

മേലാർകോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തുന്നതിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയ രജിസ്റ്റർ (സഞ്ചയ) പരിശോധിച്ചതിൽ 13 ടവറുകൾക്ക് നികുതി നിർണ്ണയിച്ചതിൽ 3 ടവറുകൾ യഥാസമയം വസ്തുനികുതി അടവാക്കാതെ കുടിശ്ശിക വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രം നം | കെട്ടിട നം. | സ്ഥലമുടമയുടെ പേര് | വസ്തുനികുതി കുടിശ്ശിക | കാലയളവ് |
|---|---|---|---|---|
| 1 | 3/316എ | ബി.എസ്.എൻ.എൽ | 28350 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ |
| 2 | 3/435 | ടാറ്റാ ടെലി സർവീസസ് | 10236 | 2016-17 രണ്ടാം അർദ്ധവർഷം മുതൽ |

| | | | | |
|---|---|---|---|---|
| 3 | 16/148 | വയർലെസ് ടി ടി ഇൻഫോ സർവീസസ് | 11340 | 2016-17 രണ്ടാം അർദ്ധവർഷം മുതൽ |

5. കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിക്കാതെ നികുതി നിർണ്ണയിച്ചതിനാൽ റവന്യൂ നഷ്ടം

പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 5 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്രമീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 40 രൂപയും, വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുതൽ 200 ച.മീ വരെയുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപയും ഇതര വ്യവസായങ്ങൾക്ക് 40 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്.

2017-18 വർഷം ഡി&ഒ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന താഴെ പറയുന്ന കെട്ടിടങ്ങൾക്ക് തെറ്റായ തരം രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തുകയും 60 ച. മീറ്ററിന് താഴെയുള്ള വാസഗൃഹങ്ങൾക്ക് ഇളവ് എന്ന നിലയ്ക്ക് നികുതി ഒഴിവാക്കുകയും ചെയ്തതിനാൽ പഞ്ചായത്തിന് നഷ്ടം ഉണ്ടാവുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പേര് | കെട്ടിട ഉടമയുടെ പേര് | നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടത്തിന്റെ വിവരം | |
|---|---|---|---|---|---|
| | | | | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം |
| 1 | 15/333 | ഈസ്റ്റേൺ ഉൽപ്പന്നങ്ങൾ സ്റ്റോക്ക് & സെയിൽ | അസനാർ, കടംപിടി, ചിറ്റിലഞ്ചേരി | പാർപ്പിടം | 13.6 ച.മീ |
| 2 | 6/376 | ബിസ്മില്ല സ്റ്റോർ | ഷാജഹാൻ. വൈ, പാലിയമ്പാടം വീട്, കല്ലത്താണി, ചിറ്റിലഞ്ചേരി | പാർപ്പിടം | 42 ച മീ |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 8/5.2.19 ന് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും സാങ്കേതിക പ്രശ്നങ്ങൾ ഐകെഎം സഹായത്തോടെ പരിഹരിക്കുന്നതാണെന്നും മൊബൈൽ ടവറുടമകൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഉപയോഗക്രമത്തിലെ വ്യത്യാസം പരിശോധിച്ച് മാറ്റം വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. രജിസ്റ്ററുകൾ കൃത്യതയോടെ എഴുതി സൂക്ഷിക്കേണ്ടതാണ്. പുതിയതായി വസ്തുനികുതി നിർണ്ണയം നടത്തുന്ന കെട്ടിടങ്ങൾക്ക് തുടർച്ചയായ നമ്പരുകൾ അനുവദിക്കേണ്ടതും സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ ഐകെഎം സഹായത്തോടെ പരിഹരിക്കേണ്ടതുമാണ്.

2. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നതിന് തുടർ നിയമനടപടികൾ കൈക്കൊള്ളേണ്ടതാണ്.

3.മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗക്രമം സഞ്ചയ പ്യൂരിഫിക്കേഷന്റെ ഭാഗമായി പരിശോധനയ്ക്ക്

വിധേയമാക്കേണ്ടതും തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളവ തിരുത്തേണ്ടതുമാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-4 ഡി & ഒ ലൈസൻസ് -ഭേദഗതി ചട്ടങ്ങൾ നടപ്പിലാക്കേണ്ടതും നിയമാനുസൃതം ലൈസൻസ് അനുവദിക്കേണ്ടതുമാണ്

1. ഡി&ഒ ലൈസൻസ് ഫീ നിർണ്ണയം- 2017 ലെ ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് ഫീസ് നിർണ്ണയ രീതി, സ.ഉ (പി) നം. 80/2017/തസ്വഭവ തീയതി 31.10.2017 പ്രകാരം പുറപ്പെടുവിച്ച ഭേഗദതി ചട്ടങ്ങൾ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ചട്ടങ്ങളിലെ 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ' എന്നത് 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്.
ഇതു പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതുണ്ട്.
രേഖകൾ പരിശോധിച്ചതിൽ ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് നടപടികൾ കൈക്കൊള്ളുകയോ അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയോ ചെയ്തതിട്ടില്ല.

2. നിയമാനുസൃതം ആവശ്യമായ സാക്ഷ്യപത്രങ്ങളില്ലാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

| ക്രമ നം | രജിസ്റ്റർ ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേരും വിലാസവും | അപാകതകൾ |
|---|---|---|---|---|
| 1 | 183 | മായ ആട്ടോ ഫ്യുവൽസ് | കെ. ശാന്തകുമാരി, ആച്ചിരിക്കാട്, തണ്ണിശ്ശേരി, തേങ്കുറിശ്ശി | എക്സ്പ്ലോസിവ് ലൈസൻസ് കാലാവധി 31.12.18 ന് അവസാനിച്ചെന്നിരിക്കെ 31.03.18 വരെ ലൈസൻസ് നൽകിയിരിക്കുന്നു. 17.10.17 ന് അനുവദിച്ച ലൈസൻസിന് പിഴ ഈടാക്കിയിട്ടില്ല. |
| 2 | 3 | എബിഎസ് ടിംബേഴ്സ് & സാമിൽ | ഷിജു.എം.മാത്യു, മാമ്പള്ളി, ഇളവംപാടം | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം, ഫയർ എൻ.ഒ.സി എന്നിവ ഇല്ല- 17.05.17-ന് ലൈസൻസ് പുതുക്കി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 3 | 71 | പിവികെ ഗ്രാനൈറ്റ് & മെറ്റൽ | കെ ഭാസ്കരൻ, തെക്കേത്തറ, മേലാർകോട് പി ഒ | മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നുള്ള ലൈസൻസിന്റെ കാലാവധി 31.03.2017 ൽ അവസാനിച്ചു. |
| 4 | 201 | എൻ.സി.എം ഹോളോബ്രിക്സ് | ജോമോൻ എൻ.എം, നെടിയപാലയ്ക്കൽ, ചെമ്മന്തോട് | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം ഇല്ല |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 12/05.02.19 ന് ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് നൽകുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും ആവശ്യമായ സാക്ഷ്യപത്രങ്ങളില്ലാതെ ലൈസൻസ് അനുവദിച്ചത് പരിശോധിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 -ൽ നിഷ്കർഷിച്ച പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതും ലൈസൻസ് അപേക്ഷയിൽ ഭേദഗതി പ്രകാരമുള്ള മാറ്റങ്ങൾ വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

2. ആവശ്യമായ സാക്ഷ്യപത്രങ്ങളില്ലാതെ ലൈസൻസ് അനുവദിച്ചത് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്. ലൈസൻസ് അനുവദിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 2-5 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടുനടത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. മേലാർകോട് ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പിരിവിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിന്റെ ഭാഗമായി തൊഴിൽ നികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.പഞ്ചായത്തിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

2017-18 സാമ്പത്തിക വർഷം വിവിധ കരാർ പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട താഴെപ്പറയുന്ന 18 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| 1 | ശിവപ്രസാദ് | 11 | എ സുഭാഷ് |
| 2 | വി ഉണ്ണികൃഷ്ണൻ | 12 | സന്തോഷ് കുമാർ എസ് |
| 3 | ബിനീഷ് ബി | 13 | ശെൽവദാസൻ |
| 4 | ശശി എ | 14 | രാജേഷ് |
| 5 | കൃഷ്ണദാസ് വി | 15 | നിഖിൽ |

| | | | |
|---|---|---|---|
| 6 | ഷെയ്ക്ക് അബ്ദുൾ ഖാദർ കെ എം | 16 | ബാലൻ ആർ |
| 7 | ദേവദാസൻ എൻ | 17 | പ്രതിഷ് ബി |
| 8 | ഹക്കീം കെ | 18 | അഭിലാഷ് പി |
| 9 | ജി രാമചന്ദ്രൻ | | |
| 10 | ഭരതൻ പി | | |

2. റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പ്രദേശത്തെ റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 13/05.02.19 ന് കരാറുകാരുടെ വിവരങ്ങൾ എൽഎസ്ജിഡി വിഭാഗത്തിൽ നിന്നും റേഷൻ വ്യാപാരികളുടെ വിവരങ്ങൾ താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും ശേഖരിച്ച് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-6 സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി- ഭവനനിധി രൂപീകരിച്ചിട്ടില്ല

31.07.2017 ലെ സ.ഉ(എം.എസ്)നം.151/2017/തസ്വഭവ പ്രകാരം സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുടെ (ലൈഫ് മിഷൻ) മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിരുന്നു. പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെ എങ്കിലും നിർമ്മാണത്തിനുള്ള തുക ഇത്തരത്തിൽ കണ്ടെത്താൻ ശ്രമിക്കേണ്ടതാണെന്നും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം/വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണമെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഭവനനിധിയുടെ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

എന്നാൽ മേലാർകോട് ഗ്രാമപഞ്ചായത്തിൽ മേൽ നിർദേശപ്രകാരമുള്ള ഭവനനിധി രൂപീകരിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണം നം 9/05.02.2019 ന് ഭരണസമിതി ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 2-7 വെള്ളക്കരം ഡിമാന്റ് വിവരങ്ങൾ ലഭ്യമല്ല

12 കുടിവെള്ള പദ്ധതികളാണ് ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്നതായി 2017-18 വർഷം ഉണ്ടായിരുന്നത്. ഇവയുടെ ഉപഭോക്താക്കളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ, വെള്ളക്കരം ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആകെ 313 ഗുണഭോക്താക്കളാണുള്ളതെന്നും അവയിൽ 283 ഗാർഹിക ഗുണഭോക്താക്കളും 30 ഗാർഹികേതര ഉപഭോക്താക്കളുമാണ് ഉള്ളതെന്നും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഗാർഹിക ഉപഭോക്താക്കളിൽ നിന്നും 70 രൂപയും ഗാർഹികേതര ഉപഭോക്താക്കളിൽ നിന്നും 150 രൂപയുമാണ് പ്രതിമാസം ഈടാക്കിവരുന്നത്.

മേൽ കണക്കുകൾ പ്രകാരം 2017-18 വർഷത്തെ ഡിമാന്റ് ആയി വരേണ്ടത് 291720 രൂപയാണെന്നിരിക്കെ വരവ് തുകയായ 470590 രൂപ ഡിമാന്റ് ആയി കണക്കാക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് 470590 രൂപ, കുടിശ്ശിക ഉൾപ്പെടെയുള്ള വരവാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മുൻ വർഷങ്ങളിലെ കുടിശ്ശിക വിവരം ലഭ്യമല്ല. തൻവർഷ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നിവ തയ്യാറാക്കാതെ തൻവർഷ വരവ് ഡിമാന്റ് ആയി കണക്കാക്കുന്ന രീതി പഞ്ചായത്തിന് റവന്യൂ നഷ്ടം ഉണ്ടാക്കുന്നതിന് കാരണമാകുന്നതാണ്.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 16/07.02.2019 ന് മറുപടിയായി മുൻ രജിസ്റ്ററുകൾ ഓഫീസ് ഷിഫ്റ്റിംഗിൽ നഷ്ടപ്പെട്ടതിനാൽ കണക്കുകൾ പിൻതുടരുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്നും രേഖകൾ പരിശോധിച്ച് കൃത്യമായ കണക്കുകൾ തയ്യാറാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.
ഓഡിറ്റ് നിർദ്ദേശം
വെള്ളക്കരം ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. തൻവർഷ വരവ്, കുടിശ്ശിക എന്നിവ പ്രത്യേക ഹെഡുകളിൽ സ്വീകരിക്കേണ്ടതും കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതുമാണ്.
തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 രശീതികളിൽ രേഖപ്പെടുത്തൽ വരുത്തുന്നതിലെ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

24.05.2017 ലെ സ.ഉ(സാധാ)നം 1699/2017/തസ്വഭവ പ്രകാരം അംഗീകരിച്ച തദ്ദേശ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ ഇ ഗവേർണൻസിൽ ഉൾപ്പെടെ സേവനങ്ങളുടെ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. സ.ഉ (എം.എസ്) നം.150/2009/തസ്വഭവ തിയതി 1-8-2009 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതും രസീതികൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്. മാന്വൽ രശീതികളിലൂടെയും സാംഖ്യ സോഫ്റ്റ്‌വെയർ മുഖേനയുമുള്ള പണം വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി മാന്വൽ രശീതികൾ, സാംഖ്യ രശീതികളുടെ കൗണ്ടർ ഫോയിൽ, ക്യാൻസൽ ചെയ്ത രശീതികളുടെ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകത കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എൽഎസ്ജിഡി അസി. എഞ്ചിനീയർക്ക് അനുവദിച്ച മാന്വൽ രശീതി ബുക്ക് നം 19577-ൽ ടെണ്ടർ ഫോം വില രേഖപ്പെടുത്തിയ ചില രശീതികളിൽ, ഒരു രശീതിയുടെ തുടർച്ച അടുത്ത രശീതിയിൽ രേഖപ്പെടുത്തി ആകെ തുക അവസാന രശീതിയിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| രശീതി | റിമാർക്സ് |
| --- | --- |

| നം. | |
|---|---|
| 2,3 | രശീതി നം 2 ലെ തുക 3 ലെ തുകയോടൊപ്പം ചേർത്ത് ആകെ തുക രേഖപ്പെടുത്തിയിരിക്കുന്നു |
| 4,5 | രശീതി നം 4 ലെ തുക 5 ലെ തുകയോടൊപ്പം ചേർത്ത് ആകെ തുക രേഖപ്പെടുത്തിയിരിക്കുന്നു |
| 6,7,8,9,10 | രശീതി നം 6 മുതൽ 10 വരെയുള്ള ആകെ തുക 10 ൽ രേഖപ്പെടുത്തിയിരിക്കുന്നു |
| 11,12 | രശീതി നം 11 ലെ തുക 12 ലെ തുകയോടൊപ്പം ചേർത്ത് ആകെ തുക രേഖപ്പെടുത്തിയിരിക്കുന്നു |
| 15,16 | രശീതി നം 15 ലെ തുക 16 ലെ തുകയോടൊപ്പം ചേർത്ത് ആകെ തുക രേഖപ്പെടുത്തിയിരിക്കുന്നു |
| 17,18 | രശീതി നം 17 ലെ തുക 18 ലെ തുകയോടൊപ്പം ചേർത്ത് ആകെ തുക രേഖപ്പെടുത്തിയിരിക്കുന്നു |
| 28,29 | രശീതി നം 28 ലെ തുക 29 ലെ തുകയോടൊപ്പം ചേർത്ത് ആകെ തുക രേഖപ്പെടുത്തിയിരിക്കുന്നു |
| 30,31,32 | രശീതി നം 30,31 തുകകൾ 32 ലെ തുകയോടൊപ്പം ചേർത്ത് ആകെ തുക രേഖപ്പെടുത്തിയിരിക്കുന്നു |

ഇത്തരം പിഴവുകൾ രശീതികളുടെ ദുരുപയോഗത്തിന് കാരണമാകുമെന്നതിനാൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## **2-9** കരാറുകാരിൽ നിന്നും ഈടാക്കാൻ വിട്ടുപോയ ബിറ്റുമെൻ ബാരൽ വില **41052** രൂപ ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി

2016-17 വർഷത്തിൽ അംഗീകാരം ലഭിച്ചശേഷം സ്പിൽ ഓവർആയതും 2017-18 വർഷം ബിൽ തുക നൽകിയതുമായ 16 ടാറിങ്ങ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബിറ്റുമിന്റെ ബാരൽവില 41052 രൂപ ഈടാക്കിയിരുന്നില്ല. ആയത് ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് 06-02-2019 തിയതിയിൽ രശീതി നം A4437798 (118030104290) പ്രകാരം പഞ്ചായത്തു ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **3-1** സാക്ഷരതാ പ്രവർത്തനം-ഏഴാംതരം തുല്യത പദ്ധതി ഗ്രാമപഞ്ചായത്ത് പ്രേരക്മാരുടെ സേവനം ഉപയോഗപ്പെടുത്തിയില്ല-തനത് ഫണ്ട് നഷ്ടം-**8000/** രൂപ.

പ്രോജക്ട് നം.72/18

അടങ്കൽ-25000(തനത് ഫണ്ട്)

ചെലവ്-23323

ചെക്ക് നം.1822378/31.3.18

വൗച്ചർ നം.21701266/31.3.18

ഗ്രാമപഞ്ചായത്തിൽ പ്രേരക്, അസിസ്റ്റൻെറ് പ്രേരക് എന്നി തസ്തികളിൽ രണ്ടു പേർ പ്രതിമാസം ഹോണറേറിയം കൈപ്പറ്റി നിലവിലിരിക്കെ മേൽ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ക്ലാസ്സ് എടുത്ത വകയിൽ ഗ്രാമപഞ്ചായത്തിന് വെളിയിലുള്ള 4 പേർക്ക് 8000/- രൂപ ചെലവഴിച്ചിരിക്കുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മാത്രമല്ല പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർ പരീക്ഷ എഴുതി ,എത്ര പേർ പരീക്ഷ പാസ്സായി,എത്ര പേർക്ക് സർട്ടിഫിക്കറ്റ് ലഭിച്ചു എന്ന വിവരം കൂടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11/5.2.19) മറുപടി ലഭ്യമായില്ല. നഷ്ടത്തുക ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തീകരിക്കാതെ തുടരുന്നത് സംബന്ധിച്ച്

2016-17 വർഷത്തിൽ അംഗീകരിച്ചിട്ടുള്ളതും 2017-18 ൽ സ്പിൽ ഓവർ ആയിട്ടുള്ളതുമായ താഴെ പറയുന്ന പ്രവൃത്തികൾ 2017-18 ലും പൂർത്തീകരിച്ച് ഫൈനൽബിൽ നൽകിയിട്ടില്ല. 13-ാം പദ്ധതി മാർഗ്ഗനിർദ്ദേശമനുസരിച്ച് ഒരു പ്രവൃത്തി സ്പിൽ ഓവർ ആയാൽ അത് സ്പിൽ ഓവർ ആയ വർഷം തന്നെ പൂർത്തീകരിക്കണമെന്നുണ്ട്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് | അടങ്കൽ |
|---|---|---|
| 1. | 93/18 ചെട്ടിയാർകാട് കല്ല് റോഡ് | 250000 |
| 2 | 94/18 ആലുംപറമ്പ് നടക്കാവ് റോഡ് | 140000 |
| 3. | 94/18 കല്ലങ്കോട് കനാൽ ബണ്ട് റോഡ് | 250000 |
| 4. | 96/18 പള്ളിപ്പാടം അമ്പലം റോഡ് | 200000 |
| 5. | 97/18 വട്ടോമ്പാടം പതിയിൽതറ റോഡ് | 300000 |
| 6. | 98/18 തിയേറ്റർ പഞ്ചായത്ത് ഓഫീസ് റോഡ് | 300000 |
| 7. | 103/18 കൊടിയങ്കാട് പതിയിൽത്തറ റോഡ് | 200000 |
| 8. | 106/18 മാങ്ങോട് തുടിക്കോട് കാത്താംപൊറ്റ റോഡ് | 250000 |
| 9. | 113/18 മേലേപള്ളിപ്പാടം റോഡ് | 100000 |
| 9 | 122/18 ആയുർവേദ ആശുപത്രിയിൽ സ്റ്റോർ റൂം,ടോയ് ലറ്റ് നിർമ്മാണം | 450000 |
| 10. | 127/18 പഞ്ചായത്ത് ഓഫീസ് പുനർ നിർമ്മാണം | 100000 |
| 11. | 136/18നെട്ടുങ്ങോട് കല്ലങ്കോട് റോഡ് മെച്ചപ്പെടുത്തൽ | 200000 |
| 12. | 144/18 കോരാംപറമ്പ് കൾവർട്ട് | 100000 |

ഓഡിറ്റ് നിർദ്ദേശം

- പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കുന്നതിനു മുൻപായി ഭരണ സാങ്കേതികാനുമതികൾക്കൊപ്പം ഫണ്ട് ലഭ്യത, തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.
- പ്രൊജക്റ്റുകളുടെ പ്രവർത്തന കലണ്ടർ അനുസരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- മറ്റു വകുപ്പുകളിൽ നിന്നും അനുമതി, NOC, മുതലായവ ലഭ്യമാക്കേണ്ട പ്രവൃത്തികളിൽ പ്രൊജക്റ്റ് രൂപീകരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കുന്നതോടൊപ്പം തന്നെ ആയവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- വികസന സ്റ്റാൻഡിംങ്ങ് കമ്മിറ്റി പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ അവലോകനം നടത്തേണ്ടതും പൊതുമരാമത്ത് വർക്കിംങ്ങ് ഗ്രൂപ്പ്, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും പ്രവൃത്തി പൂർത്തീകരണത്തെ ബാധിക്കുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായി ഇടപെടേണ്ടതുമാണ്.

വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7 തീയതി 5.2.19) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

## 3-3 ജലലഭ്യതാ ടെസ്റ്റ് നടത്തി മോട്ടോർ സ്ഥാപിക്കേണ്ടത് സംബന്ധിച്ച്

2017-18 സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി 11 പുതിയ കുടിവെള്ള പദ്ധതികളും 4 കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, മോട്ടോർ മാറ്റിവയ്ക്കൽ എന്നീ വർക്കുകളും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. 2017-18 ൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പുതിയ കുടിവെള്ള പദ്ധതികൾ എഗ്രിമെന്റ് വച്ച് ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചതായി കാണുന്നില്ല. ജല ലഭ്യത എത്രയുണ്ടെന്ന് yield test നടത്തി ഉറപ്പാക്കിയതിന് ശേഷമല്ല മോട്ടോറുകൾ വാങ്ങി സ്ഥാപിച്ചിട്ടുള്ളത്. എല്ലാ കുഴൽകിണറുകൾക്കും kwa യുടെ നിരക്കിൽ ഒരേ രീതിയിൽ 7.5 hp സബ്മേഴ്സിബ്ൾ മോട്ടോറുകൾ 136000/-രൂപയോളം ചെലവഴിച്ചാണ് വാങ്ങിയിട്ടുള്ളത്. ഇപ്രകാരമൊരു സാഹചര്യത്തിൽ ആവശ്യത്തിന് വെള്ളം കുഴൽകിണറിൽ ഇല്ലെങ്കിൽ മോട്ടോറുകൾ എളുപ്പത്തിൽ കേടുവരാൻ ഇടയാവും എന്ന വസ്തുത പരിഗണിച്ചിട്ടില്ല. താരതമ്യേന ചെറിയ കുടിവെള്ള പദ്ധതികൾക്കും കൂടിയ കുതിര ശക്തിയിലുള്ള മോട്ടോറുകൾ ഉപയോഗിച്ച് നേരിട്ട് വെള്ളം പമ്പ് ചെയ്യുന്നതിനാൽ മർദ്ദം താങ്ങാനാവാതെ പൈപ്പ് ലൈൻ പൊട്ടിപ്പോവാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. തൻ വർഷം ഭൂഗർഭ ജല വകുപ്പിന്റെ സഹായത്തോടെ ജല ശേഷി വിലയിരുത്താതെ 136000/- രൂപയിലധികം ചെലവഴിച്ചാണ് മോട്ടോറുകൾ വാങ്ങിയിട്ടുള്ളത് . മോട്ടോറുകൾ സ്ഥാപിക്കുന്നതിന് ഒരു HP ക്ക് 18135 രൂപ പ്രകാരം വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടറുടെ 20.12.2011 ലെ KWA/HO /SP/333/2011/Pumps ഉത്തരവു പ്രകാരമുള്ള നിരക്കാണ് സ്വീകരിച്ചിട്ടുള്ളത്. മേൽ ഉത്തരവ് കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പ്രവൃത്തിക്കു വേണ്ടി മാത്രം പുറപ്പെടുവിച്ച ഉത്തരവാണ്. ഇത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾക്ക് ബാധകമല്ല. കുഴൽകിണറിലെ ജലലഭ്യതാ ടെസ്റ്റ്

(യീൽഡ് ടെസ്റ്റ്) നടത്തി മോട്ടോർ സ്ഥാപിക്കേണ്ട ആഴം കണക്കിലെടുത്ത് അതിനനുസൃതമായ സ്റ്റേജുള്ള മോട്ടോറാണ് സ്ഥാപിക്കേണ്ടത്. സ്റ്റേജിനനുസരിച്ച് മോട്ടോറിന്റെ വിലയിൽ വ്യത്യാസം ഉള്ളതിനാൽ ആവശ്യമായ മോട്ടോറിന്റെയും അനുബന്ധ സാമഗ്രികളുടെയും വില പരിഗണിച്ചുകൊണ്ടു മാത്രമേ കരാറുകാർക്ക് തുക അനുവദിക്കാൻ പാടുള്ളൂ എന്നിരിക്കെ എല്ലാ കുടിവെള്ള പദ്ധതികളിലും സബ്മേഴ്സിബിൾ മോട്ടോറും അനുബന്ധ സാമഗ്രികളും സ്ഥാപിക്കാൻ 18135/HP നിരക്ക് അനുവദിക്കുന്നത് അഭികാമ്യമല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നമ്പർ, പേര് | അടങ്കൽ | ചെലവ് | ബിൽ നം,തിയതി | മോട്ടോറിന്റെ കുതിര ശക്തി, കുഴൽ കിണറിന്റെ താഴ്ച | വില |
|---|---|---|---|---|---|---|
| 1 | 255/18മുതുകുന്നി കുടിവെള്ള പദ്ധതി പൂർത്തീകരണം--പ്ലാൻ scp | 200000 | 197124 | 74/17-18 തിയതി 24/01/18 | 7.5 hp 130 മീറ്റർ | 136013 |
| 2 | 192/18 വലതല മഹാളിയോടം കുടിവെള്ള പദ്ധതി -പ്ലാൻ scp | 490000 | 489908 | 77/17-18 തിയതി 24/01/18 | 7.5 hp 152.40മീറ്റർ | 136013 |
| 3 | 213/18 ചോറംകുളം കുടിവെള്ളപദ്ധതി-മെയിന്റെനൻസ് ഗ്രാന്റ് | 300000 | 299835 | 79/17-18 തിയതി 08/12/18 | 7.5 hp 149.35മീറ്റർ | 136013 |
| 4 | 193/18 ഇരട്ടക്കുളം എസ്.സി കോളനി കുടിവെള്ള പദ്ധതി -പ്ലാൻ scp | 300000 | 300000 | 112/17-18 തിയതി 26/03/18 | 7.5 164.50 മീറ്റർ | 136013 |
| 5 | 182/18 രക്കിയംപാടം കോളനി കുടിവെള്ള പദ്ധതി -പ്ലാൻ scp | 300000 | 300000 | 108/17-18 തിയതി-19-03-18= തുക-280088 114/17-18 തിയതി 27/03/18=തുക-19912 | 7.5 176 .78മീറ്റർ | 136013 |
| 6 | 36/18 കോന്നല്ലൂർ കുടിവെള്ള പദ്ധതി --പ്ലാൻ scp | 300000 | 300000 | 102/17-18 തിയതി 02/03/18 | 7.5 167.60മീറ്റർ | 136013 |
| 7 | 116/18 പാറക്കൽക്കാട് ഹരിജൻ കോളനി കുടിവെള്ള പദ്ധതി -പ്ലാൻ scp | 300000 | 286224 | 10/17-18 തിയതി 11/07/17 | 7.5 134 മീറ്റർ | 136013 |
| 8 | 104/18 എറളംകാട് കുടിവെള്ള പദ്ധതി---പ്ലാൻ scp | 300000 | 277010 | 09/17-18 തിയതി 11/07/17 | 7.5 149.30 മീറ്റർ | 136013 |

| | | | | | | |
|---|---|---|---|---|---|---|
| 9 | 149/18 കല്ലത്താണി കുടിവെള്ള പദ്ധതി---പ്ലാൻ ജനറൽ | 100000 | 100000 | 34/17-18 തിയതി 11/07/17 | 7.5 158.48 മീറ്റർ | 136013 |
| 10 | 255/18മുതുകുന്നി ഹരിജൻ കോളനി കുടിവെള്ള പദ്ധതി -പ്ലാൻ scp | 300000 | 258674 | 36/17-18 തിയതി 27/07/17 | 7.5 hp 177 മീറ്റർ | 136013 |
| 11 | 148/18മുതുകുന്നി പഴതറ കുടിവെള്ള പദ്ധതി -പ്ലാൻ ജനറൽ | 300000 | 300000 | 49/17-18 തിയതി 25/10/17 | 7.5 hp 198.12 മീറ്റർ | 136013 |

കിണറിലെ ജലലഭ്യതാ ടെസ്റ്റ് നടത്തി മോട്ടോർ സ്ഥാപിക്കേണ്ട ആഴം കണക്കിലെടുത്ത് സ്റ്റേജിനനുസരിച്ചുള്ള മോട്ടോറുകൾ സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 കുടിവെള്ള പദ്ധതികളുടെ പരിപാലനം, പൊതുടാപ്പുകളുടെ വെള്ളക്കരം എന്നിവ പഞ്ചായത്തിന് ബാധ്യത സൃഷ്ടിക്കുന്നു

1. പഞ്ചായത്ത് പരിപാലിക്കുന്ന കുടിവെള്ള പദ്ധതികൾ ബാധ്യത സൃഷ്ടിക്കുന്നു

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് ഏതാനും പദ്ധതികൾ കൈമാറിയിട്ടുണ്ടെങ്കിലും 2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്ത് 12 പദ്ധതികൾ നേരിട്ട് പരിപാലിച്ചിരുന്നതായി കാണുന്നു. ഇവയുടെ നടത്തിപ്പിനായി 8 പമ്പ് ഓപ്പറേറ്റർമാരെ ഗ്രാമപഞ്ചായത്ത് നിയമിച്ചിട്ടുണ്ട്. വൈദ്യുതി ചാർജ്ജ്, റിപ്പയർ ചാർജ്ജ്, വേതനം എന്നീ ഇനങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഭീമമായ തുക പ്രതിമാസം ചെലവഴിക്കേണ്ടി വരുന്നുണ്ട്. 2017-18 വർഷത്തിൽ കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിനായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | 463655 |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 292000 |
| അറ്റകുറ്റപണികൾക്കായുള്ള ചെലവ് | 350 |
| ആകെ | 756005 |

തൻവർഷത്തെ വരവ് 470590 രൂപയും ചെലവ് 756005 രൂപയുമാണെന്നിരിക്കെ വരവും പരിപാലന ചെലവും തമ്മിലുള്ള അന്തരം പഞ്ചായത്തിന് ബാധ്യതയായി മാറുന്നു.

2.പൊതുടാപ്പുകളുടെ വെള്ളക്കരം- ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത

ഗ്രാമപഞ്ചായത്ത് പരിധിയിൽ കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 193 പൊതു കുടിവെള്ള ടാപ്പുകൾക്ക് പ്രതിമാസം 84438 രൂപ നിരക്കിൽ 2017-18 വർഷം 1013256 രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കിയിട്ടുണ്ട്. ഒരു ടാപ്പിന് 5250 രൂപയാണ് പ്രതിവർഷ നിരക്ക്. ഓരോ പ്രദേശത്തും ഉള്ള ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. പരിമിതമായ തനത് വരുമാന സ്രോതസ്സുകൾ ഉള്ള ഗ്രാമപഞ്ചായത്തിന് വെള്ളക്കരം അധിക ബാധ്യത സൃഷ്ടിക്കുന്നുണ്ട്.

ഓഡിറ്റ് അന്വേഷണം നം. 17/07.02.19 ന് കൈമാറാൻ ബാക്കിയുള്ള 9 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ജല അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി 23 പൊതുടാപ്പുകൾ ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ടതും ജലലഭ്യത ഉറപ്പാക്കിയശേഷം ഘട്ടംഘട്ടമായി പൊതുടാപ്പുകൾ നിർത്തലാക്കുന്നതിന് ശ്രമിക്കേണ്ടതുമാണ്.
തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 എച്ച് .ഐ.വി. ബാധിതർക്ക് പോഷകാഹാര വിതരണം പദ്ധതി മാർഗനിർദേശങ്ങൾക്ക് വിരുദ്ധം

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 3.4.2017 ലെ ജി.ഒ. (എം.എസ്.) നമ്പർ 80/2017 ,13-ാം പദ്ധതി സബ്സിഡി മാർഗരേഖ-ഖണ്ഡിക നമ്പർ 12.1.ൽ വ്യക്തിഗത ആനുകൂല്യ വിതരണ പരിപാടികൾക്കുള്ള നിബന്ധനകൾ -അനുസരിച്ച് എച്ച് .ഐ.വി. ബാധിതർക്ക്/ എയ്ഡ്സ് രോഗികൾക്കായി പോഷകാഹാര വിതരണ പദ്ധതികൾ ജില്ലാ പഞ്ചായത്തുകൾ മാത്രമാണ് ഏറ്റെടുത്ത് നടത്തേണ്ടത്. 2017-18 വർഷത്തിൽ മേലാർകോട് ഗ്രാമപഞ്ചായത്തിൽ പ്രോജക്റ്റ് നമ്പർ 281/18 എച്ച് ഐ വി ബാധിതർക്ക് പോഷകാഹാരം എന്ന പദ്ധതി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

അടങ്കൽ – 50000(വികസന ഫണ്ട്)

ചെലവ് – 5823 (വികസന ഫണ്ട്)

(1.ബിൽ നമ്പർ- 16/-018,8-2-8018, 1983 രൂപ

2.ബിൽ നമ്പർ- 23/-018,28-3-8018, 3840 രൂപ)

ഉത്തരവിനു വിരുദ്ധമായി എച്ച്. ഐ .വി. ബാധിതർക്കായി പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് (2/ .1.2019) ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ പാടില്ല എന്നത് ഭരണസമിതിയെ അറിയിച്ചിരുന്നു എന്നും, സമിതിയുടെ ആവശ്യാനുസരണമാണ് എന്നും അറിയിച്ചു.
ജില്ലാ പഞ്ചായത്തിൽ നിന്നും നടപ്പിലാക്കാവുന്ന പദ്ധതികൾ പഞ്ചായത്ത് തലത്തിലും നടപ്പിലാക്കുമ്പോൾ ഒരേ കാര്യത്തിനായി രണ്ട് പദ്ധതികൾ ഉണ്ടാവാനിടയുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുൾപ്പെട്ടതും, അനുവദനീയമായതുമായ പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ–വാങ്ങൽ–പദ്ധതിനടത്തിപ്പിലെ അപാകങ്ങളും നഷ്ടതുക ഈടാക്കേണ്ടതും സംബന്ധിച്ച്

പ്രോജക്റ്റ് നമ്പർ-14/18

അടങ്കൽ-470000 ( പ്ലാൻ-എസ്.സി.പി)

ചെലവ്-417500

ബിൽ നമ്പർ-16/17-18 തിയ്യതി-23.3.18=417500

നിർവ്വഹണം-അസി.സെക്രട്ടറി

എട്ടാം ക്ലാസ്സുകളിൽ പഠിക്കുന്ന എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നല്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.പദ്ധതി നടത്തിപ്പിന്റെ ഭാഗമായി 15.11.17 തിയ്യതിയിൽ ടെണ്ടർ ക്ഷണിച്ചതിൽ ലഭ്യമായ 3 ടെണ്ടറുകളിൽ ഏറ്റവും കുറവ് ക്വട്ട് ചെയ്ത POPULAR CYCLE MART PALAKKAD ന്റെ (SK BYKE FOR BOYS AND GIRLS) സൈക്കിളുകളുടെ ഗുണനിലവാരത്തിൽ 16.11.17 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റി അതൃപ്തി രേഖപ്പെടുത്തി റീ ടെണ്ടറിന് ശിപാർശ ചെയ്തിരിക്കുന്നു. റീ ടെണ്ടർ (28.1.17) ചെയ്തതിൽ ഏറ്റവും കുറവ് ക്വട്ട് ചെയ്ത JUST BYE CYCLE PALAKAKD ന്റെ ടെണ്ടർ അംഗീകരിച്ച് SUPPLY ORDER നല്കി 100 സൈക്കിളുകൾ ( 50-Hero Nitro integra for boys-Rs-@4150/+50-Hero Miss India Velvet for girls-Rs-@4200) വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ പ്രധാന അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 100 സൈക്കിളുകൾ വാങ്ങിയതിൽ 99 എണ്ണം മാത്രം വിതരണം ചെയ്തിട്ടുള്ളു.ഒരെണ്ണം വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്തിൽ അവശേഷിക്കുന്നു.
2. 15.11.17 തിയ്യതിയിൽ ടെണ്ടർ ക്ഷണിച്ചതിൽ ലഭ്യമായ 3 ടെണ്ടറുകളിൽ ഏറ്റവും കുറവ് ക്വട്ട് ചെയ്ത POPULAR CYCLE MART PALAKKAD ന്റെ (SK BYKE FOR BOYS-RS-3900 AND GIRLS-Rs-4200) സൈക്കിളുകളുടെ ഗുണനിലവാരത്തിൽ 16.11.17 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റി അതൃപ്തി രേഖപ്പെടുത്തി റീ ടെണ്ടർ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ സൈക്കിളുകളുടെ ഗുണനിലവാരം പരിശോധിച്ചതിന്റെ യാതൊരു ചർച്ചയോ നിർദ്ദേശങ്ങളോ ശിപാർശകളോ പർച്ചേസിങ്ങ് കമ്മറ്റി മിനിട്ടുസിൽ ഇല്ല. റീ ടെണ്ടർ പർച്ചേസ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല. POPULAR CYCLE MART PALAKKAD ന്റെ ടെണ്ടർ അംഗീകരിച്ച് (SK BYKE FOR BOYS -RS-3900) സൈക്കിളുകൾ വാങ്ങിയിരുന്നെങ്കിൽ - ഗ്രാമപഞ്ചായത്തിന് 12500/- രൂപ പ്ലാൻ ഫണ്ട് ഇനത്തിൽ ലാഭിക്കാമായിരുന്നു. ആയതിനാൽ ഏറ്റവും കുറവ് ക്വാട്ട് ചെയ്ത POPULAR CYCLE MART, PALAKKAD-ന്റെ SK BYKE FOR BOYS സൈക്കിളുകൾ വാങ്ങാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ടി ഇനത്തിൽ 12500/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| Just bye cycle,Palakkad-Hero Nitro integra for boys | 50 | 4150 | 207500 |
| Popular cycle mart,Palakkad-SK BYKE FOR BOYS | 50 | 3900 | 195000 |

| | | | |
|---|---|---|---|
| നഷ്ടം-207500-195000 | | | 12500 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18 തീയതി 7.2.2019) ലഭ്യമാക്കിയ മറുപടിയിൽ BI-CYCLE-ന്റെ ഗുണനിലവാരം ഭരണസമിതിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടത്തിയതെന്നും ആയത് പർച്ചേസ് കമ്മിറ്റി മിനുട്സിൽ രേഖപ്പെടുത്താൻ വിട്ടുപോയെന്നുമാണ് അറിയിച്ചിട്ടുള്ളത്. മറുപടി അംഗീകരിക്കാൻ നിർവ്വാഹമില്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതും വിതരണം ചെയ്യാൻ അവശേഷിക്കുന്ന സൈക്കിൾ അർഹതയുള്ള ഗുണഭോക്താവിനെ കണ്ടെത്തി സൈക്കിൾ വിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 ക്ലബ്ബുകൾക്കും സ്കൂളുകൾക്കും പ്ലാൻ ഫണ്ട് ഉപയോഗിച്ച് പത്രം വാങ്ങി നൽകൽ-പദ്ധതി മാർഗ്ഗരേഖ/സബ്സിഡി മാർഗ്ഗരേഖാ ലംഘന

പ്രോജക്ട് നം.228/18

അടങ്കൽ-50000 (പ്ലാൻ ജനറൽ)

ചെലവ്-45800

ബിൽ നം.46/17-18 തിയ്യതി 28.2.18=45800/-

മേൽ ബിൽ പ്രകാരം പിൻവലിച്ച തുക ഉപയോഗിച്ച് 12 വായനശാലകൾക്കും 6 സ്കൂളുകൾക്കും പത്രം വാങ്ങി നല്കിയ വകയിൽ 45800/-രൂപ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം 7.2.18 ലെ 1 (2) പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 4/06 പാര 4 -പദ്ധതി ആസൂത്രണത്തിന്റെ ആവശ്യകതയും പൊതു വ്യവസ്ഥകളും-ഖണ്ഡിക 3 പ്രകാരം ഒരു തദ്ദേശ ഭരണ സ്ഥാപനം അതിന്റെ പ്രദേശത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും വിഭവ സ്രോതസ്സ് ഏത് തന്നെ ആയിരുന്നാലും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും അനിവാര്യ പൊതു ചുമതലകൾ നിറവേറ്റുന്നതിനു വേണ്ടി വരുന്ന ആവർത്തന സ്വഭാവമുള്ള ചെലവുകൾ,എസ്റ്റാബ്ലിഷ് മെൻറ് ചെലവുകൾ, വികസനേതര ചെലവുകൾ, അസാധാരണ ചെലവുകൾ എന്നിവ പദ്ധതിയുടെ ഭാഗമാക്കേണ്ടതില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ പത്രം വിതരണം ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ആവർത്തന സ്വഭാവമുള്ള ചെലവായതിനാലും,ഉല്പാദനപരമല്ലാത്ത ചെലവായതിനാലും ആയത് തനത് ഫണ്ട് ഉപയോഗിച്ച് ചെലവഴിക്കേണ്ടതായിരുന്നു.

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേക ജി.ഒ (എം/എസ്) നം.80/17 ത.സ്വ.ഭ.വ തിയ്യതി 3.4.17 പാര 2-പൊതു നിബന്ധനകൾ ഖണ്ഡിക-2-2 പ്രകാരം ഈ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ, ഓരോ ഇനത്തിലും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നല്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.മുൻകൂർ അനുമതി ലഭിച്ച

ശേഷമെ പ്രോജക്ട് തയ്യാറാക്കാവു എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി പദ്ധതി നടത്തിപ്പിന് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.5.2.19)

## 3-8 തുക വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

താഴെ സൂചിപ്പിക്കുന്ന പദ്ധതികളുടെ തുക വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതി | ബിൽ നമ്പറും തിയ്യതിയും | തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | 2/18-എസ്.എസ്.എ | 2/17-18 തിയ്യതി 20.7.17 | 457440 | പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ, പാലക്കാട് |
| 2 | 4/18-പി.എം.വൈ. വിഹിതം | 22/17-18 തിയ്യതി 30.10.17 | 60000 | ബി.ഡി.ഒ, നെമ്മാറ ബ്ലോക്ക് പഞ്ചായത്ത് |
| 3 | 224/18-ഭിന്നശേഷിക്കാർക്ക് ഉപകരണം | 39/17-18 തിയ്യതി 24.1.18 | 280000 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് കാര്യാലയം, പാലക്കാട് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/5.2.19) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പകർപ്പ് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 3-9 നെൽവിത്ത് വിതരണം പദ്ധതി -മാർഗനിർദേശങ്ങൾ പാലിക്കേണ്ടതാണ്

കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച്

2017-18 വർഷത്തിൽ കൃഷി ഓഫീസർ നടപ്പാക്കിയ SO 030/18- നെൽവിത്ത് വിതരണം പദ്ധതി വഴി ചെറുകിട നാമമാത്ര കർഷകർക്ക് 50% നിരക്കിൽ വിത്ത് വിതരണം ചെയ്യുവാനാണ് ലക്ഷ്യമിട്ടിരുന്നത്. (ചെലവ് -ബിൽ നമ്പർ -174035-9071/28.10.17, ₹.100800/-) ഇതനുസരിച്ച് ഏക്കറിന് 30 കിലോഗ്രം എന്ന അളവിൽ ഒരാൾക്ക് പരാമാവധി 150 കിലോഗ്രാം വിത്ത് ആണ് നല്കാവുന്നത്. ഇതിൽ നിന്നും വ്യത്യാസമായി മൂന്ന് കർഷകർക്ക് അധികം വിത്ത് നല്കിയതായി കാണുന്നു. ജ്യോതി, ഉമ എന്നയിനം നെൽവിത്തുകളാണ് കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളത്. പ്രോജക്റ്റിൽ നിഷ്കർഷിച്ചതിലും അധികം വിത്ത് അനുവദിച്ചതിന്റെ വിവരങ്ങൾ.

1. സോമസുന്ദരൻ, കടമ്പിടി പാടശേഖരസമിതി

വിതരണ സ്റ്റേറ്റ്മെന്റിൽ കൈവശമുള്ള കൃഷിസ്ഥലത്തിന്റെ അളവ് , സർവേ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇദ്ദേഹത്തിന് 180 കിലോ വിത്ത് അനുവദിച്ചിട്ടുണ്ട്

2. കാദർ , ആല്യംപറമ്പ് പാടശേഖര സമിതി

1ഹെക്ടർ കൃഷി - 102കിലോഗ്രാം വിത്ത് നല്കി

3. സി. കൃഷ്ണദാസ്, കടമ്പിടി പാടശേഖരസമിതി

2.4 ഹെക്ടർ കൃഷി -150 കിലോഗ്രാം വിത്ത് നല്കി

ക്രമ നമ്പർ 1 ഗുണഭോക്താവ് തന്റെ സഹോദരങ്ങളുടെ സ്ഥലത്ത് ഉൾപ്പടെ കൃഷി ചെയ്യുന്നതിന് ആവശ്യമായ നെൽവിത്ത് കൈപ്പറ്റുകയാണ് ചെയ്തത് എന്നും, ടിയാന് വ്യക്തിഗത ആനുകൂല്യമായി നല്കേണ്ട അളവിലാണ് വിത്ത് അനുവദിച്ചിട്ടുള്ളത് എന്ന് അറിയിച്ചു. കൃഷി വകുപ്പിന്റെ ഒരു ഏക്കർ കൃഷി ചെയ്യാൻ 40 കിലോഗ്രാം വിത്ത് ആവശ്യമാണെന്നും, ഇതനുസരിച്ചാണ് വിത്ത് വിതരണം ചെയ്തത് എന്നും മറുപടിയിൽ അറിയിച്ചു. കൂടുതൽ അളവിൽ വിത്ത് വിതരണം ചെയ്തത് സംബന്ധിച്ച് ഇപ്രകാരം മറുപടി നല്കിയിട്ടുണ്ടെങ്കിലും, പദ്ധതി രൂപീകരണത്തിൽ ഇക്കാര്യം പരിഗണിച്ചിട്ടില്ല എന്ന് വർക്കിങ്ങ് ഗ്രൂപ്പ് മിനിറ്റ്സ്, സ്റ്റാന്റിങ്ങ് കമ്മിറ്റി മിനിറ്റ്സ് എന്നിവ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. പദ്ധതി രൂപീകരിക്കുമ്പോൾ കൃഷിക്കാരോ നിർവഹണ ഉദ്യോഗസ്ഥനോ നിശ്ചിത അളവിൽ വിത്ത് ലഭ്യമാക്കണമെന്ന കാര്യം ഉന്നയിച്ചിട്ടില്ല. പ്രോജക്റ്റിൽ നടത്തിപ്പ് പരാമാവധി ഫലപ്രദമാകുന്നതിന് ആവശ്യമായ കാര്യങ്ങളെല്ലാം (സർക്കാർ നിർദേശങ്ങൾക്ക് വിധേയമായി) പ്രോജക്റ്റ് രൂപീകരകുന്ന അവസരത്തിൽ തന്നെ ഉൾപ്പെടുത്തുന്നതിന് നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.(എൻക്വയറി-5/4.2.2019)

പ്രോജക്റ്റ് രൂപീകരണം മുതൽ നിർവഹണത്തിന്റ ഓരോ ഘട്ടത്തലും പദ്ധതി മാർഗനിർദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-10 വി.ഇ.ഒ-യുടെ അക്കൗണ്ട് ക്ളോസ് ചെയ്യേണ്ടതാണ്

സർക്കുലർ നമ്പർ ഇ.147340/എഫ്.എം.1/15/ത.സ്വ.ഭ.വ തിയ്യതി 19.3.15 അനുസരിച്ച് പ്രത്യേകം അനുമതി ലഭിച്ചിട്ടുള്ള സാഹചര്യത്തിലൊഴികെ ട്രഷറി അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുകകൾ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 17-18ൽ നടപ്പാക്കിയ പ്രോജക്റ്റുകളിലെ തുകകളെല്ലാം ട്രഷറിയിൽ നിന്നും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസഫർ ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ഇക്കാലയളവിൽ വി.ഇ.ഒ -Iന് ഇസ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ആലത്തൂർ ബ്രാഞ്ചിലുള്ള 67313650811 നമ്പർ അക്കൗണ്ടിൽ സാമ്പത്തിക വർഷാവസാനം 3392 രൂപ ഉള്ളതായി പാസ് ബുക്കിൽ നിന്നും വ്യക്തമായി. ടി അക്കൗണ്ടിലെ തുക പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കി അക്കൗണ്ട് ക്ളോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (എൻക്വയറി- 15/7.2.19). അക്കൗണ്ട് ക്ളോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് വി.ഇ.ഒ. മറുപടിയിൽ അറിയിച്ചു.

## 3-11 അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്.

മേലാർകോട് ഗ്രാമപഞ്ചായത്തിൽ ആകെ 26 അങ്കണവാടികളുണ്ട്. ഇതിൽ ചില അങ്കണവാടികൾക്ക് ആവശ്യമായ സൗകര്യങ്ങളില്ല. പരിമിതമായ സൗകര്യങ്ങൾ ഉള്ള അങ്കണവാടികളുടെ എണ്ണം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | വൈദ്യുതീകരിക്കാത്തവ | 3 |
| 2 | സ്വന്തം കെട്ടിടമില്ലാത്തത് | 6 |
| 3 | വാട്ടർകണക്ഷൻ ഇല്ലാത്തത് | 6 |
| 4 | ചുറ്റമതിൽ ഇല്ലാത്തത് | 6 |

17-18 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 അനുസരിച്ച് ഐ.സി.ഡി.എസ്.ന കീഴിലുള്ള പദ്ധതികൾക്കായി 1838717 രൂപ കേന്ദ്ര വിഹിതം ചെലവഴിക്കാൻ ബാക്കിയുണ്ട്. സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 അനുസരിച്ച് പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം,വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശമുണ്ട്.

അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് മാർഗനിർദേശങ്ങളനുസരിച്ച് തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-12** കേരളോത്സവം നടത്തിപ്പിനായി ജില്ലാ യുവജന ബോർഡ് കാര്യാലയം പാലക്കാട് നിന്ന് ലഭിച്ച തുക ചെലവഴിച്ചിട്ടില്ല

പ്രോജക്ട് നം.227/18

അടങ്കൽ-75000/- (പ്ലാൻ ജനറൽ)

ചെലവ്-54106/

ബിൽ നം.36/17-18 തിയ്യതി 24.1.18=54106/-

കേരളോത്സവം നടത്തിപ്പിന്റെ ഭാഗമായി മേൽ ബിൽ പ്രകാരം പദ്ധതിപണം പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.എന്നാൽ ജില്ലാ യുവജന കാര്യാലയം പാലക്കാട് നിന്നും ചെക്ക് നം. 627723 തിയ്യതി 9.10.17 പ്രകാരം 20000/- രൂപ പ്രസ്തുത ആവശ്യത്തിനായി ലഭിച്ചിട്ടുണ്ട്. ടി തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11/5.2.19) ലഭിച്ച മറുപടിയിൽ പ്രോജക്റ്റിൽ വകയിരുത്തിയ തുക

ചെലവഴിക്കുന്നതിന് പ്രാധാന്യം നല്കിയപ്പോൾ യുവജന ബോർഡ് കാര്യാലയത്ത് നിന്ന് ലഭിച്ച തുക ശ്രദ്ധിച്ചില്ല എന്നും തുക തിരിച്ചടക്കാമെന്നും സൂചിപ്പിച്ചിരിക്കുന്നു.തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 83333 | 49/18 വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 83333 |
| ടി | 2017-18 | 1400000 | 22/18 ഉഴവുകൂലി | 1400000 | 0 |
| ടി | 2017-18 | 105000 | 215/18 ക്ഷീര കർഷകർക്ക് ഇൻസെൻന്റീവ് | 105000 | 0 |
| ടി | 2016-17 | 700000 | 226/2018 പാലിയേറ്റീവ് കെയർ | 663251 | 36749 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2000000 | 22/2018 ഉഴവുകൂലി | 2000000 | 0 |

| | | | | | |
|---|---|---|---|---|---|
| ടി | 2017-18 | 80000 | 215/18 ക്ഷീര കർഷകർക്ക് ഇൻസെൻന്റീവ് | 80000 | 0* |

* തുക ചെലവായത് ഐ.കെ.എം ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 77/2018 വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ വലിക്കൽ | ബിൽ നം. 18/17-18 തിയതി 23-10-2017 | 134550 | 0 | 134550 | യൂട്ടിലൈസേഷൻ ലഭ്യമായിട്ടില്ല |
| | 229/2018 വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റലും വൈദ്യുതി ലൈൻ വലിക്കലും | ബിൽ നം. 31/17-18 തിയതി 25-01-2018 | 251758 | 0 | 251758 | യൂട്ടിലൈസേഷൻ ലഭ്യമായിട്ടില്ല |
| | 267/2018 കുന്നംപുറം വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റലും വൈദ്യുതി ലൈൻ | 32/17-18 തിയതി 25.1.18 | 44850 | 0 | 44850 | യൂട്ടിലൈസേഷൻ ലഭ്യമായിട്ടില്ല |
| | 297/18കാപ്പുകാട് കല്ലുങ്കാട് പോസ്റ്റ് | 27/17-18 , 11.1.18 | 128000 | 0 | 128000 | യൂട്ടിലൈസേഷൻ ലഭ്യമായിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| | സ്ഥാപിച്ച ലൈൻ വലിക്കൽ | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം. | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം ബാക്കി |
|---|---|---|---|---|---|
| EMS ഭവന പദ്ധതി | | 8621500 | 838250 | 838250 | 0 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

- ഇല്ല –

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 3-1 | 2016-17 | 9.3.2 | ജലവിതരണവും തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക | വിഷയം പരിഗണിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | ബാധ്യതയും | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

- ഒന്നുമില്ല -

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

- ഒന്നുമില്ല -

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76310651 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73968894 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8000 | ജയപ്രകാശൻ വി<br>സെക്രട്ടറി |
| 3-6 | | 12500 | നാൻസി .സി.ടി<br>അസി.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| ഇല്ല |
|---|

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | ഇല്ല |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയപ്രകാശൻ. വി<br>സെക്രട്ടറി | മേലാർക്കോട് ഗ്രാമപഞ്ചായത്ത് | പുളുന്നിറക്കോട് വീട്<br>പെരുവെമ്പ് (PO)<br>പാലക്കാട്-678531 |
| നാൻസി .സി.ടി<br>അസി.സെക്രട്ടറി | മേലാർക്കോട് ഗ്രാമപഞ്ചായത്ത് | റോസ് വില്ല,<br>ഹോസ്പിറ്റൽ ജംഗ്ഷൻ<br>ചിറ്റൂർ പാലക്കാട് 678104 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1996-97 | എൽ.എഫ്.പി10/62/2002/<br>18-1-2002 | 12 |
| 1997-98 | എൽ.എഫ്.പി10/494/2002/<br>5-6-2002 | 13 |
| 1998-99 | എൽ.എഫ്.പി9/28/2003/<br>14-7-2003 | 11 |
| 1999-2000 | എൽ.എഫ്.പി13/63/2004/<br>8-7-2004 | 2 |
| 2000-01 | എൽ.എഫ്.പി13/64/2004/<br>8-7-2004 | 1 |
| 2001-02 | എൽ.എഫ്.പി13/65/2004/<br>8-7-2004 | 3 |
| 2002-03 | എൽ.എഫ്.പി12/50/2007/<br>9-7-2007 | 1 |
| 2003-04 | എൽ.എഫ്.പി12/51/2007/<br>9-7-2007 | 3 |
| 2004-05 | എൽ.എഫ്.പി18/1806/12/<br>30-8-2014 | 1 |
| 2005-06 | എൽ.എഫ്.പി18/1807/12/<br>30-8-2014 | 1 |
| 2006-07 | എൽ.എഫ്.പി18/1808/12/<br>30-8-2014 | 1 |
| 2007-08 | എൽ.എഫ്.പി18/1809(ഡി)/12/<br>6-11-2014 | 6 |
| 2008-09 | എൽ.എഫ്.പി18/739/13/<br>5-11-2014 | 3 |
| 2009-10 | എൽ.എഫ്.പി18/738/13/7-8-2014 | 3 |
| 2010-11 | എൽ.എഫ്.പി18/737/13/7-8-2014 | 3 |
| 2011-12 | കെ.എസ്.എ-പികെഡി-18/703/16/<br>27-5-2017 | 7 |
| 2012-13,<br>2013-14 &<br>2014-15 | കെ.എസ്.എ-പികെഡി18/1893/15/<br>26-4-2017 | 8 |
| 2015-16 | കെ.എസ്.എ-പികെഡി-18/193/17/<br>2-2-2017 | 19 |
| 2016-17 | കെ.എസ്.എ. പി.കെ.ഡി-18/<br>1225/17/ 26.7.2017 | 26 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ (സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3. നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ പഞ്ചായത്തിൽ നിന്നുള്ള വരവുകൾ TR-7 A ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
4. തൻവർഷ കുടിശ്ശിക തുകകൾക്ക് Income And Expenditure Account ൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5. ആസ്തികൾക്ക് Income And Expenditure Accounts ൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -2

## പത്രികകൾ

| Melarcode Grama Panchayat | | | |
|---|---|---|---|
| RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 11222120.00 |
| Cash | Cash | RP-40(a) | 44378.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 923100.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 889985.00 |
| 150000000 | Sale & Hire Charges | RP-5 | 238331.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 51577328.00 |
| 171000000 | Interest Earned | RP-9 | 138885.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6795692.00 |
| 350000000 | Other Liabilities | RP-36 | 97999.00 |
| | Non Operating | | |

| | | | |
|---|---|---|---|
| 180000000 | Other Income | RP-10 | 9535.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 340000000 | Deposits Received | RP-34 | 328105.00 |
| 350000000 | Other Liabilities | RP-36 | 147674.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3275790.00 |
| 460000000 | Loans, Advances and Deposits | RP-47 | 621729.00 |
| | Grand total | | 76310651.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3207269.00 |
| 220000000 | Administrative Expenses | RP-12 | 950163.00 |
| 230000000 | Operations & Maintenance | RP-13 | 4611203.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 7517168.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 12119382.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 785576.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 145725.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 1123450.00 |
| Page No : 1 | | | |
| Schemes | | | |
| 255000000 | Maintenance Projects | RP-20 | 13190620.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 4000.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 21200.00 |

| | | | |
|---|---|---|---|
| 280000000 | Prior Period item | RP-26 | -16707.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1845556.00 |
| 350000000 | Other Liabilities | RP-36 | 4280699.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1346.00 |
| 280000000 | Prior Period Item | RP-26 | -1500.00 |
| 330000000 | Secured Loans | RP-32 | 838250.00 |
| 340000000 | Deposits Received | RP-34 | 281518.00 |
| 350000000 | Other Liabilities | RP-36 | 1627862.00 |
| 410000000 | Fixed Assets | RP-38 | 6354223.00 |
| 412000000 | Capital work in Progress | RP-40 | 6448125.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7683665.00 |
| 460000000 | Loans, Advances and Deposits | RP-47 | 950101.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 2284332.00 |
| Cash | Cash | RP-40(b) | 57425.00 |
| | Grand Total | | 76310651.00 |

| INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3400021.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 304518.00 |

| | | | |
|---|---|---|---|
| 140000000 | Fee & User Charges | I-4(b) | 936155.00 |
| 150000000 | Sale & Hire Charges | I-5(b) | 238331.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 103749286.00 |
| | Subsidies | | |
| 171000000 | Interest Earned | I-8 | 138885.00 |
| 180000000 | Other Income | I-9 | 1260104.00 |
| | Total Income | | 110027300.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9085890.00 |
| 220000000 | Administrative Expenses | I-11(b) | 950163.00 |
| 230000000 | Operations & Maintenance | I-12(b) | 4611203.00 |
| 240000000 | Interest & Finance Charges | I-13 | 1346.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 11102974.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 20229355.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 785576.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 983975.00 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 46991650.00 |

| | | | |
|---|---|---|---|
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 13190620.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 4000.00 |
| 260000000 | Grants, Contributions & Compensation from Own Fund / | I-15 | 21200.00 |
| | Subsidies | | |
| | Total Expenditure | | 107957952.00 |
| | Gross Surplus/ Deficit of income over Expenditure | | 2069348.00 |
| 280000000 | Prior Period Item | I-18 | 84523.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1984825.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 9852888.95 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 0.0 |

| | | | |
|---|---|---|---|
| | Agency Fund | | |
| 312000000 | Reserves | B-3 | 75269302.00 |
| | Total Reserve & Surplus | | 85122190.95 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3241459.00 |
| | Total Grants, Contributions for Specific Purposes | | 3241459.00 |
| Loans | | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 554070.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 680014.80 |
| | Total Current Liabilities and Provisions | | 1234084.80 |
| | TOTAL LIABILITIES | | 89597734.75 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 75360980.00 |
| 412000000 | Capital Work in Progress | B-11(a) | 1217454.00 |
| | Total Fixed Assets | | 76578434.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 1333008.00 |
| 431000000 | Sundry Debtors (Receivables) | B-15 | 9167191.75 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 2341757.00 |

| | | | |
|---|---|---|---|
| 460000000 | Loand, Advances and Deposits | B-18 | 177344.00 |
| | Total Current Assets, Loans and Advances | | 13019300.75 |
| Page No : 1 | | | |
| Other Assets | | | |
| Miscellaneous Expenditure (To the Extent not written off) | | | |
| TOTAL ASSETS | 89597734.75 | | |